"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

സ്റ്റോർസ് പർച്ചേസ് - അച്ചടി വകുപ്പ് - അച്ചടി വകുപ്പിൽ നിന്ന് വിവിധ കാലയളവിൽ വിരമിച്ച ജീവനക്കാർക്ക് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 1951/2021 നമ്പർ ഹർജിയിലെ വിധിന്യായം പ്രകാരം ഓവർടൈം അലവൻസ് കുടിശ്ശിക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.28/2022/SPD തീയതി,തിരുവനന്തപുരം, 23-07-2022

---

പരാമർശം:-
1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 09/11/2021 OA 1951/2021 നമ്പർ കോടതി ഉത്തരവ്.
2. അച്ചടി വകുപ്പ് ഡയറക്ടറുടെ 21/05/2022-ൽ അവസാനിക്കുന്ന 21911/2021/ജി2(2) നമ്പർ കത്ത്.

## ഉത്തരവ്

അച്ചടി വകുപ്പിൽ നിന്നും വിവിധ കാലയളവിൽ വിരമിച്ച ജീവനക്കാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA 1951/2021 നമ്പർ ഹർജി ഫയൽ ചെയ്യുകയും ട്രിബ്യൂണലിന്റെ പരാമർശം (1)-ലെ വിധിന്യായ ഉത്തരവ് പ്രകാരം, ടി ഹർജിയിലെ ജീവനക്കാരുടെ അപേക്ഷ പരിഗണിച്ച് ഒന്നാം എതിർ കക്ഷിയായ അച്ചടിയും സ്റ്റേഷനറിയും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ടി ജീവനക്കാരുടെ അധിക വേതന കുടിശ്ശിക സംബന്ധിച്ച അവകാശ വാദത്തിന്മേൽ രണ്ടാം എതിർ കക്ഷിയായ അച്ചടി വകുപ്പ് ഡയറക്ടറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടശേഷം, ടി ജീവനക്കാരുടെ അവകാശവാദം യാഥാർത്ഥ്യമാണെന്നിരിക്കെ ടി കുടിശ്ശിക അനുവദിക്കുന്നതിലേയ്ക്കായി ആവശ്യമായ തുക 2 മാസത്തിനകം രണ്ടാം എതിർകക്ഷിയായ അച്ചടി വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കണമെന്ന് ഉത്തരവായിരുന്നു.

(2) പ്രസ്തുത കോടതിവിധിയുടെ അടിസ്ഥാനത്തിൽ അച്ചടി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടുകയും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ടി വിധിന്യായ ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ഓവർടൈം അനുവദിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷത്തെ അച്ചടി വകുപ്പിന്റെ 2058-00-103-99-01(6) ഓവർടൈം അലവൻസ് ശീർഷകത്തിൽ മതിയായ ഫണ്ട് ഇല്ലെന്നും, നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ 1000/- രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്നും ആയതിനാൽ ടി ജീവനക്കാർക്ക് ഓവർടൈം അലവൻസ് കുടിശ്ശിക അനുവദിക്കാൻ സാധിക്കുന്നില്ലെന്നും, ആയത് ലഭ്യമാക്കുവാൻ വേണ്ട നടപടി ക്രമങ്ങൾ സ്വീകരിക്കണമെന്നും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 1951/2021 നമ്പർ ഹർജിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് എല്ലാ മാസങ്ങളിലെ ഓവർടൈം തുകകൾ 10% നിജപ്പെടുത്തുമ്പോൾ ആകെ 5,24,214/- രൂപ (അഞ്ച് ലക്ഷത്തി ഇരുപത്തിനാലായിരത്തി

ഇരുന്നൂറ്റി പതിനാല് രൂപ മാത്രം) അച്ചടി വകുപ്പിൽ നിന്നും വിരമിച്ച ടി ഹർജിയിലെ ജീവനക്കാർക്ക് ഓവർടൈം അലവൻസ് വിതരണം ചെയ്യണമെന്ന ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാത്തിൽ 2058-00-103-99-01(6) ഓവർടൈം അലവൻസ് ശീർഷകത്തിൽ അനുവദിക്കണമെന്നും പരാമർശം (2) കത്ത് പ്രകാരം അച്ചടി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 1951/2021 നമ്പർ ഹർജിയിലെ വിധിധ്യായ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, അച്ചടി വകുപ്പിൽ നിന്നും വിവിധ കാലയളവിൽ വിരമിച്ചതും, പ്രസ്തുത ഹർജിയിൽ ഉൾപ്പെട്ടതുമായ ജീവനക്കാർക്ക്, ഓവർടൈം അലവൻസ് കുടിശ്ശികയായി റിപ്പോർട്ട് ചെയ്യപ്പെട്ട 5,24,214/- രൂപ (അഞ്ച് ലക്ഷത്തി ഇരുപത്തിനാലായിരത്തി ഇരുന്നൂറ്റി പതിനാല് രൂപ മാത്രം), വകുപ്പിന്റെ 2058-00-103-99-01 (6) ഓവർടൈം അലവൻസ് ശീർഷകത്തിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി വിതരണം ചെയ്യുന്നതിന് അച്ചടി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

1) അച്ചടി വകുപ്പിലെ ജീവനക്കാർക്ക് ഓവർടൈം അലവൻസ് നൽകുന്നതു സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥ/ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്നു ഉറപ്പു വരുത്തേണ്ടതാണ്.

2) ഓവർടൈമിനു നിയോഗിച്ചുകൊണ്ടുള്ള ഓഫീസ് ഉത്തരവ്/ഡ്യൂട്ടി ഷെഡ്യൂൾ എന്നിവ നടപടിക്രമത്തിൽ ഉൾപ്പെടുത്തേണ്ടതാണ്

3) മേല്പറഞ്ഞതുപ്രകാരം അനുവദിക്കപ്പെട്ട തുക, 2058-00-103-99-01-06-NC എന്ന ശീർഷകത്തിൽ അധിക ധനാനുമതി വഴി വകയിരുത്തുന്നതിനായി ശിപാർശ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ അച്ചടി വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(4) പരാമർശം 1 ലെ കോടതി വിധിന്യായം മേൽ പറഞ്ഞ പ്രകാരം പാലിച്ച് ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LATHA H S

അണ്ടർ സെക്രട്ടറി

പകർപ്പ്:-

അച്ചടി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ ,തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (അച്ചടി വകുപ്പ് ഡയറക്ടർ മുഖാന്തിരം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Bindu V K

Date: 23-07-2022 15:46:03

സെക്ഷൻ ഓഫീസർ